പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1448

14/12/2012 - ൽ മറുപടിയ്ക്ക്

## നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ പദ്ധതി നടത്തിപ്പ്

| ചോദ്യം<br>ശ്രീ. എ.എ. അസീസ് | | ഉത്തരം<br>ശ്രീ.കെ.സി.ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും<br>വകുപ്പു മന്ത്രി) |
|---|---|---|
| (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ റൂറൽ ലൈവ്‌ലിഹുഡ് മിഷൻ കേരളത്തിൽ എപ്രകാരമാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ; | (എ) | എൻ ആർ എൽ എം പദ്ധതിക്ക് കുടുംബശ്രീ തയ്യാറാക്കിയ സ്റ്റേറ്റ് പെർസ്പെക്ടീവ് ഇംപ്ലിമെന്റേഷൻ പ്ലാൻ സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനു സമർപ്പിക്കുകയും പ്രസ്തുത പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ FTS-17494. L-13014/02/2011-Aajeevika പ്രകാരം അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗീകരിച്ച സ്റ്റേറ്റ് പെർസ്പെക്ടീവ് ഇംപ്ലിമെന്റേഷൻ പ്ലാൻ പ്രകാരമാണ് പ്രസ്തുത പദ്ധതി കേരളത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) പ്രസ്തുത പദ്ധതി നടത്തിപ്പിനായുള്ള നോഡൽ ഏജൻസി ഏതാണ്; | (ബി) | 12-11-2010 ലെ ജി.ഒ.(എംഎസ്സ്) നം.262/2010/തസ്വഭവ ഉത്തരവ് പ്രകാരം മുൻ ഗവൺമെന്റ് കുടുംബശ്രീയെ എൻആർഎൽഎം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ലൈവ്‌ലിഹുഡ് മിഷനായി നിയോഗിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത പദ്ധതി നടത്തിപ്പിൽ കുടുംബശ്രീയുടെ പങ്ക് വ്യക്തമാക്കാമോ; | (സി) | സംസ്ഥാന സർക്കാരിന്റെ 12.11.2010 ലെ ജി.ഒ.(എം.എസ്സ്) നമ്പർ 262/2010/തസ്വഭവ നമ്പർ ഉത്തരവ് മുഖേന സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷൻ - കുടുംബശ്രീയെ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സംസ്ഥാന ഉപജീവന മിഷനായി നിയോഗിച്ചുകൊണ്ട്. ഉത്തരവായിട്ടുണ്ട്. കുടുംബശ്രീ സംഘടനാ സംവിധാനം |

(അയൽക്കൂട്ടം, എ.ഡി.എസ്., സി.ഡി.എസ്) വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കൂടാതെ കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശ പ്രകാരം എൻആർഎൽഎം പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിന് സംസ്ഥാന-ജില്ലാ തലങ്ങളിൽ മിഷൻ മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) പ്രസ്തുത പദ്ധതിയിലൂടെ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ഡി) പ്രസ്തുത പദ്ധതി പ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു :-

1. **സാമൂഹ്യ പങ്കാളിത്തം-** സമൂഹത്തിലെ നിരാലംബരും, പാർശ്വവൽക്കരിക്കപ്പെട്ടവരുമായ വിഭാഗങ്ങളെ കൂടി കുടുംബശ്രീ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുക.
2. **മിതവ്യയ സാമ്പത്തിക പങ്കാളിത്തം** - അയൽക്കൂട്ട ഗ്രൂപ്പുകളുടെ സാമ്പത്തിക അച്ചടക്കം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ, മുഖ്യധാരാ ബാങ്കിംഗ് സംവിധാനത്തിൽ നിന്നും അയൽക്കൂട്ടങ്ങൾക്ക് പരമാവധി വായ്പാ സംവിധാനം ഉറപ്പുവരുത്തുക, പരിശീലനങ്ങൾ തുടങ്ങിയവ.
3. **ഉപജീവന ഉപാധികൾ** - കൃഷി, കൃഷി അനുബന്ധ ഉത്പാദന, സേവന മേഖലകളിൽ സ്വയം തൊഴിൽ ഉപജീവന മാർഗ്ഗങ്ങൾ കൂടുതൽ വിപുലമാക്കുക. സ്വയം തൊഴിൽ സംരംഭങ്ങളുടെ വിജയ സാധ്യത വർദ്ധിപ്പിക്കുക.
4. **വൈദഗ്ദ്ധ്യ പരിശീലനം-** പൊതുധാരാ വിപണിയിൽ ലഭ്യമായിട്ടുള്ള തൊഴിൽ സാധ്യതകൾ മുതലെടുക്കുന്നതിന് വൈദഗദ്ധ്യ പരിശീലനം ലഭ്യമാക്കി, പ്ലേസ്മെന്റ് വഴി തൊഴിൽ ഉറപ്പുവരുത്തുക.

| | | |
|---|---|---|
| (ഈ) ഓരോ വർഷവും പ്രസ്തുത പദ്ധതിക്കായി എത്ര കോടി രൂപയാണ് കേന്ദ്രത്തിന്റെ നിന്നും ലഭ്യമാകുന്നതെന്ന് വ്യക്തമാക്കുമോ? | (ഈ) | ആകെ 1160.13 കോടി രൂപ അടങ്കൽ തുകയുള്ള 7 വർഷ കാലാവധിയുള്ള പദ്ധതിക്കാണ് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുള്ളത്. ഓരോ വർഷത്തെയും വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിക്കുകയുമാണ് ചെയ്യുന്നത്. 2012-13 സാമ്പത്തിക വർഷത്തിൽ 57 കോടി രൂപയുടെ വാർഷിക കർമ്മ പദ്ധതി തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. ഇതിൽ 43.88 കോടി രൂപ കേന്ദ്ര സർക്കാർ വിഹിതമാണ്. ഈ തുകയുടെ 50% മായ 21.94 കോടി രൂപ കേന്ദ്ര വിഹിതമായി 2012-13 വർഷത്തെ എൻ.ആർ.എൽ.എം പദ്ധതി പ്രവർത്തനങ്ങൾക്ക് അനുവദിച്ച് ലഭ്യമായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ